# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/98/2018 2018 മെയ് 10

## പത്രക്കുറിപ്പ്

### പരീക്ഷകൾ മാറ്റി

മെയ് 16ന് ആരംഭിക്കുവാൻ നിശ്ചയിച്ചിരുന്ന ഒന്നാം സെമസ്റ്റർ ബി.എൽ.ഐ.എസ്.സി. (2016 അഡ്മിഷൻ സപ്ലിമെന്ററി - ഡിപ്പാർട്ട്മെന്റുകൾ മാത്രം), 2017 അഡ്മിഷൻ റഗുലർ/2009 - 2016 അഡ്മിഷൻ സപ്ലിമെന്ററി (അഫിലിയേറ്റഡ് കോളേജുകളും ഡിപ്പാർട്ട്മെന്റുകളും) പരീക്ഷകൾ മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട്.

### അപേക്ഷാ തീയതി

അഞ്ചാം സെമസ്റ്റർ ബി.ടെക് (റഗുലർ, 2015 അഡ്മിഷൻ സീപാസ്) പരീക്ഷകൾ മെയ് 25ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ മെയ് 14 വരെയും 50 രൂപ പിഴയോടെ 15 വരെയും 500 രൂപ സൂപ്പർഫൈനോടെ 16 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ സെമസ്റ്റർ ഒന്നിന് 200 രൂപ വീതം സി.വി.ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

### എം.ബി.എ. പ്രവേശനം: ഗ്രൂപ്പ് ഡിസ്കഷനും ഇന്റർവ്യൂവും

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് മാനേജ്മെന്റ് & ബിസിനസ് സ്റ്റഡീസിലെ 2018-19 വർഷത്തേയ്ക്കുള്ള എം.ബി.എ. പ്രവേശനത്തിനായുള്ള പരീക്ഷയിൽ യോഗ്യത നേടിയവർക്കുള്ള ഗ്രൂപ്പ് ഡിസ്കഷനും ഇന്റർവ്യൂവും മെയ് 16ന് പഠനവകുപ്പിൽ വച്ച് നടത്തും. മെമ്മോ കാർഡ് ലഭിച്ചിട്ടില്ലാത്ത അപേക്ഷകർ 0481-2732288 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടണം.

### മാതൃകാ ഓൺലൈൻ ചോദ്യപേപ്പർ വിതരണം

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ മെയ് 24ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ ബിരുദാനന്തര ബിരുദ (സി.എസ്.എസ്.) പരീക്ഷയുടെ മുന്നോടിയായി മെയ് 17, 21 തീയതികളിൽ ഉച്ചയ്ക്ക് ഒരു മണിക്ക് മാതൃകാ ചോദ്യപേപ്പർ വിതരണം നടത്തുന്നതാണ്. ഈ ട്രയൽ റൺ നടത്തുന്നതിന് വേണ്ട സജ്ജീകരണങ്ങൾ കോളേജുകളിലെ പ്രിൻസിപ്പൽമാർ ചെയ്യേണ്ടതാണ്. എല്ലാ ബിരുദാനന്തര ബിരുദ (സി.എസ്.എസ്.) പരീക്ഷാ കേന്ദ്രങ്ങളുടെയും പ്രിൻസിപ്പൽമാർ മാതൃകാ ഡൗൺലോഡിംഗ് പ്രോഗ്രാമിൽ പങ്കെടുക്കേണ്ടതാണ്. പ്രിൻസിപ്പൽമാരുടെ ഐഡി, മൊബൈൽ നമ്പർ, ഇ-മെയിൽ വിലാസം എന്നിവയ്ക്ക് വ്യത്യാസം വന്നിട്ടുണ്ടെങ്കിൽ ആയത് പരീക്ഷാവിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ-21നെ രേഖാമൂലം മെയ് 16ന് വൈകീട്ട് 3 മണിക്ക് മുൻപ് അറിയിക്കണം. ഫോൺ: 0481 - 2731011, ഹെൽപ്പ്ലൈൻ നമ്പരുകൾ: 0481 - 2733470, 2733471, 2733467, സാങ്കേതിക വിഭാഗം: 0481 - 2733528. ഇമെയിൽ: ar21exams@mgu.ac.in.

### പരീക്ഷാഫലം

സീപാസ് കോളേജുകളിൽ 2017 നവംബറിൽ നടന്ന രണ്ടും നാലും സെമസ്റ്റർ ബി.ടെക് (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് 23 വരെ അപേക്ഷിക്കാം.

**അന്തർദ്ദേശീയ നാനോ സംഗമത്തിന് ഇന്ന് (മെയ് 11) പ്രൊഫ. സി.എൻ.ആർ. റാവു തിരിതെളിയിക്കും**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി സംഘടിപ്പിക്കുന്ന അന്തർദ്ദേശീയ കോൺഫറൻസ് ഇന്ന് (മെയ് 11) രാവിലെ 9 മണിക്ക് സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ ഭാരതരത്ന പ്രൊഫ. സി.എൻ.ആർ. റാവു ഉദ്ഘാടനം ചെയ്യും. വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ, പ്രോ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, IIUCNN ഡയറക്ടർ ഡോ. നന്ദകുമാർ കളരിക്കൽ എന്നിവർ സംസാരിക്കും. 11 മുതൽ 13 വരെ നടക്കുന്ന നാനോ സംഗമത്തിൽ 300ൽ അധികം ശാസ്ത്രജ്ഞർ പങ്കെടുക്കുന്നു. ഈ കോൺഫറൻസിൽ 'ഹൊറൈസൻ 2020' എന്ന പേരിൽ അന്തർദ്ദേശീയ ഗവേഷണ സാദ്ധ്യതകളെ പരിചയപ്പെടുത്തുന്ന ബ്രെയിൻ സ്ട്രോമിംഗ് സെഷനും ഉണ്ടായിരിക്കും. വിശദവിവരങ്ങൾക്ക് ഫോൺ: 9847820197, ഇമെയിൽ: nanomaterials@macromol.in

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**